**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3173** **07-10-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഇക്കോണമി മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്പോർട്സ് ഇക്കോണമി മിഷൻ നടപ്പാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | **സ്പോർട്സ് ഇക്കോണമി**<br><br>ഒരു സ്വതന്ത്ര്യ വ്യവഹാര മേഖലയായി സംസ്ഥാനത്തെ കായികരംഗത്തെ വികസിപ്പിക്കാൻ ഉദ്ദേശിച്ച് നടപ്പാക്കുന്നതാണ് സ്പോർട്സ് ഇക്കോണമി. കായികമേഖലയിൽ നിന്നുള്ള സംഭാവനകളെ സാമ്പത്തിക അളവുകോലുകൾ വെച്ച് തിട്ടപ്പെടുത്തി ജി ഡി പിയുടെ ഭാഗമാക്കി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട നടപ്പാക്കുന്നത്. 2023 കായികനയത്തിലെ നിർദ്ദേശമായ സ്പോർട്സ് ഇക്കോണമി 2024-25 ബജറ്റിൽ സർക്കാർ പ്രഖ്യാപിച്ചു.<br><br>സ്പോർടസ് ഇക്കോണമിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ രാജ്യത്ത് ആദ്യമായി 2024 ജനുവരിയിൽ കായിക ഉച്ചകോടി സംഘടിപ്പിച്ചു. 5050 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ഉച്ചകോടിയിൽ ഉണ്ടായത്. കേരള ക്രിക്കറ്റ് അസോസിയേഷൻ, കേരള ഫുട്ബോൾ അസോസിയേഷൻ എന്നിവരുടെ 2000 കോടിയോളം വരുന്ന നിക്ഷേപ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>ഉച്ചകോടിയിൽ ഉയർന്ന നിർദ്ദേശ പ്രകാരം വിവിധ കായിക ഇനങ്ങളിൽ ലീഗ് മത്സരങ്ങൾ ആരംഭിച്ചു. ക്രിക്കറ്റ്, ഫുടബോൾ ലീഗുകൾ വിജയകരമായി നടക്കുകയാണ്. രാജ്യത്ത് ആദ്യമായി കോളേജുകൾക്കായുള്ള ലീഗ് മത്സരങ്ങൾ സംഘടിപ്പിച്ചു.<br><br>കായിക സമ്പദ്വ്യവസ്ഥയുടെ ഉത്തേജനത്തിന് വിദേശ സഹകരണം സജീവമാക്കാൻ നടപടികൾ തുടങ്ങി. ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിനെ സൗഹൃദമത്സരത്തിനായി കേരളത്തിലേക്ക് |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചതു പ്രകാരം ഈ വർഷം നവംബറിൽ ടീം എത്തും. അർജന്റീന ഫുടബോൾ അസോസിയേഷൻ, സ്പെയിൻ ഹയർ സ്പോട്സ് കൗൺസിൽ, ലാ ലിഗ എന്നിവരുമായി ദീർഘകാല കായിക സഹകരണത്തിന് പ്രാഥമിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. ക്യൂബയിൽ നിന്ന് ബോക്സിങ്, ചെസ്, വോളിബോൾ പരിശീലകരെ എത്തിക്കാനുള്ള പദ്ധതിയ്ക്ക് ക്യൂബയും കേരളവും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു.<br><br>കായികമേഖലയ്ക്ക് ആവശ്യമായ കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കാൻ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവകലാശാലയുമായി ധാരണയായതു പ്രകാരം പ്രാഥമിക പ്രവർത്തനങ്ങൾക്ക് രണ്ടരക്കോടി രൂപ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ